# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി-6/ 427/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 17/05/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി-6/ 427/2022 തീയ്യതി: 17/05/2022

## പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2022 മുതൽ 05-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ്സ് | ഡെപ്യൂട്ടി ഡയറക്ടർ | 06-04-2022 | 15-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-04-2022 | 15-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ മുഹസിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സൂര്യപ്രഭ പി സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ കെ.എസ്സ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീതി റോസമ്മ സ്കറിയ | പ്രസിഡന്റ് | 01-04-2020 | 02-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 03-11-2020 | 20-12-2020 |
| ശ്രീ റ്റി കെ ജയിംസ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ സിറോഷ് എസ്സ് | സെക്രട്ടറി | 01-04-2020 | 17-06-2020 |
| ശ്രീ സുൾഫിക്കർ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-06-2020 | 14-07-2020 |
| ശ്രീ ജോൺ ഗോട്ടീക്ക് ഗ്രീക്ക് | സെക്രട്ടറി | 15-07-2020 | 21-12-2020 |
| ശ്രീ ഗിരീഷ് വി ജെ | സെക്രട്ടറി | 22-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ആശിഷ് പണിക്കർ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ രമ്യ എൻ ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 04-11-2020 |
| ഡോ.രമ്യ ജി നായർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 05-11-2020 | 31-03-2021 |
| ശ്രീമതി ടീസ സെലിൻ ജോസഫ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ വിൻസെന്റ് ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സുനിൽ എ പി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2021 |
| ശ്രീമതി റോസമ്മ സി സി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ സജീഷ് കുമാർ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീലത പി ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ഉഷ കെ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ഡോ ഹേമ ശേഖർ ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി അർച്ചന സി പി | അസിസ്റ്റന്റ് എൻജിനീയർ (താല്ക്കാലിക നിയമനം) | 01-04-2020 | 09-07-2020 |
| ശ്രീ ശ്യാം എസ്സ് | അസിസ്റ്റന്റ് എൻജിനീയർ | 10-07-2020 | 20-08-2020 |
| ശ്രീ അരുൺ എസ്സ് | അസിസ്റ്റന്റ് എൻജിനീയർ | 21-08-2020 | 31-03-2021 |
| ശ്രീമതി ശ്രീലത പി ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 12-06-2020 |

| | | | |
|---|---|---|---|
| ശ്രീ സുൾഫിക്കർ കെ | അസിസ്റ്റന്റ് സെക്രട്ടറി | 13-06-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Muhsin Faisal (Audit Officer, On 16-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന<br>Written By: Suryaprabha P.C (Asst. Audit Officer, On 17-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)<br>Written By: Suryaprabha P.C (Asst. Audit Officer, On 17-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Suryaprabha P.C (Asst. Audit Officer, On 17-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രിക- അപാകതകൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 17-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Muhsin Faisal (Audit Officer, On 16-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayaprabha P (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 17-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: K S Deepa (Auditor, On 17-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhsin Faisal (Audit Officer, On 16-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 18-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-10 |
| 12 | തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: K S Deepa (Auditor, On 17-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-11 |
| 13 | ഗുണഭോക്തൃ വിഹിതം ഒടുക്കുവരുത്തിയതിലെ അപാകങ്ങൾ<br>Written By: K S Deepa (Auditor, On 17-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-12 |
| 14 | ലേലതുക പൂർണമായും ഈടാക്കിയില്ല.<br>Written By: K S Deepa (Auditor, On 17-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-13 |
| 15 | വാടകയിനത്തിൽ തുക ഈടാക്കാൻ അവശേഷിക്കുന്നു.<br>Written By: K S Deepa (Auditor, On 17-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-14 |
| 16 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു.<br>Written By: K S Deepa (Auditor, On 17-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-15 |
| 17 | ലൈസൻസു പിരിവ് - കാര്യക്ഷമമല്ല.<br>Written By: K S Deepa (Auditor, On 17-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-16 |

| | | |
|---|---|---|
| 18 | അനുയോജ്യമല്ലാത്ത ഭൂമി അങ്കണവാടിക്കുവേണ്ടി വാങ്ങി<br>Written By: Muhsin Faisal (Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-17 |
| 19 | മരണപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്ഷേമപെൻഷൻ കൈമാറി - പൊതു ഖജനാവിന് നഷ്ടമായത് ലക്ഷങ്ങൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 18-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-18 |
| 20 | സഹകരണ ബാങ്കുകൾ മുഖേനയുള്ള പെൻഷൻ വിതരണത്തിൽ വീഴ്ച<br>Written By: Suryaprabha P.C (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-18-1 |
| 21 | മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ തുക ബാങ്കുകളിൽ ശേഷിക്കുന്നു<br>Written By: Suryaprabha P.C (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-18-2 |
| 22 | മരണശേഷം ഗുണഭോക്താവിന് പെൻഷൻ അനുവദിച്ചു<br>Written By: Suryaprabha P.C (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-18-3 |
| 23 | പരേതർക്കും കർഷക പെൻഷൻ<br>Written By: Suryaprabha P.C (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-18-4 |
| 24 | ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന മരണങ്ങൾ- സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-18-5 |
| 25 | സന്തോഷ് കവല മുക്കട്ട് തറ റോഡ് കോൺക്രീറ്റിംഗ്- കരാറുകാരന് അധികം പ്രതിഫലം നൽകി<br>Written By: Suryaprabha P.C (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-19 |
| 26 | പെണ്ണാട് വിതരണം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: Jayaprabha P (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-20 |
| 27 | കറവപ്പശുവിനെ നൽകൽ- അപാകതകൾ<br>Written By: Jayaprabha P (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-21 |
| 28 | കറവപ്പശു വിതരണം(പ്രോ.നം.28/21) - അപാകതകൾ<br>Written By: Jayaprabha P (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-22 |
| 29 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ- വിതരണ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Jayaprabha P (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-23 |
| 30 | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച<br>Written By: Suryaprabha P.C (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-24 |
| 31 | ടെണ്ടറുകൾക്ക് മത്സരസ്വഭാവമില്ല;ഇ-ടെണ്ടർ അഭികാമ്യം<br>Written By: Suryaprabha P.C (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സന്തോഷ് കവല മുക്കട്ട് തറ റോഡ് കോൺക്രീറ്റിംഗ്- കരാറുകാരന് അധികം പ്രതിഫലം നൽകി<br>Written By: Suryaprabha P.C (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 3-1 |

| ഭാഗം 4 | | |
|---|---|---|
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 16-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 18-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 18-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Jayaprabha P (Asst. Audit Officer, On 18-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jayaprabha P (Asst. Audit Officer, On 18-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayaprabha P (Asst. Audit Officer, On 18-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayaprabha P (Asst. Audit Officer, On 18-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 18-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 19-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 18-04-2022)<br>Last Updated By: Johncy John (Computer Assistant, On 12-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

26.03.2020 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ബജറ്റ് 1-1 തീരുമാന പ്രകാരം അംഗീകരിച്ചു. 157031129 വരവും 154282000 രൂപ ചെലവും 2749129 രൂപ മിച്ചവും വരുന്നതായിരുന്ന ബജറ്റ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല ഓരോ മാസത്തെയും ചെലവ് അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനമില്ല. അതിനാൽ, 2020-21ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 10576000 | 2985107 | 7590893 |
| | എ | വസ്തുനികുതി | 6700000 | 2334745 | 4365255 |
| | ബി | തൊഴിൽ നികുതി | 2000000 | 1421462 | 578538 |
| 2 | | നികുതിയിതര വരവുകൾ | 1636500 | 520824 | 1115676 |
| | എ | വാടക കെട്ടിടങ്ങൾ | 350000 | 234621 | 115379 |
| | | വാടക-ഓഡിറ്റോറിയം | 50000 | 9000 | 41000 |
| | ബി | ലൈസൻസ് | 170000 | 103250 | 66750 |
| | | പലിശ | 300000 | 118524 | 181476 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 10567000 | 10846338 | -279338 |
| 4 | | വികസന ഫണ്ട് | 47575869 | 27750176 | 19825693 |
| 5 | | സംരക്ഷണ ഗ്രാന്റ് | -- | 20822433 | -20822433 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 21725000 | 2670444 | 16619036 |
| 7 | | ഭരണ ചെലവുകൾ | 3500000 | 1281745 | 2218255 |
| 8 | | ഓപ്പറേഷൻസ്& മെയിന്റനൻസ് | 5420000 | 2091144 | 3328856 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 33875000 | 14559154 | 19315846 |
| 10 | | പ്ലാൻ-സേവന മേഖല | 50758000 | 18200451 | 32557549 |
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 3000000 | 5292944 | -2292944 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 2273500 | 3258833 | 985333 |
| 13 | | മെയിന്റനൻസ് പ്രോജക്ടുകൾ | 22467000 | 24686513 | -2219513 |

ബജറ്റ് പ്രകാരം സംരക്ഷണ ഗ്രാന്റിന് വരവ് ഇല്ല. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം വരവുണ്ട്. ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതു കൊണ്ടാണ്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി

ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യ പത്രിക 28/05/2021-ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ കാണിക്കുന്ന പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി3 : Reserves:- തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും മറ്റ് മൂലധന നിക്ഷേപങ്ങൾക്കുമായി ചെലവഴിച്ച തുകയെല്ലാം റവന്യൂ ഹെഡിൽ വരവ് വെച്ചിരിക്കുന്നു. ഇവ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല.

3. ഷെഡ്യൂൾ B4- Grants, Funds & Contributions For Specific Purpose ഇനത്തിൽ (Code No- 330400199) 340000 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത് കൃത്യമല്ല.

4. ഷെഡ്യൂൾ B4- Grant From Suchitwa Mission ഇനത്തിൽ (Code No- 320200322) 2535660 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. അക്കൗണ്ടിൽ മുന്നിരിപ്പ് കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്ന രീതിയിൽ മുൻവർഷങ്ങളിലെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല

5. ഷെഡ്യൂൾ B4- Contribution For Joint Venture Projects- Block Panchayat & District Panchayat ഇനങ്ങിൽ (Code No- 320700104,105,204,205) പ്രസ്തുത അക്കൗണ്ട് ഹെഡ്ഡുകളിലായി 6590784 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. ഏത് പ്രോജക്റ്റുകൾക്കായി ലഭിച്ച തുകയാണെന്നോ, ഏതെല്ലാം പ്രോജക്റ്റുകളുടെ നിർവ്വഹണശേഷം നീക്കിയിരിപ്പുള്ള തുകയാണെന്നോ എന്ന് വ്യക്തമല്ല.

6. ഷെഡ്യൂൾ B4- Benificiary Contribution ഇനത്തിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുക(86050) കൃത്യമല്ല. 2018-19, 2019-20 വർഷങ്ങളിൽ ഈ അക്കൗണ്ടിൽ വരവ് വന്ന തുകയാണ് നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയ കണക്കുകളുമായി ഇത് പൊരുത്തപ്പെടുന്നില്ല.

7. ഷെഡ്യൂൾ B-5:- Secured Loans From Co Operative Banks ഇനത്തിൽ 15115212 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. ആയത് കൃത്യമല്ല.

8. ഷെഡ്യൂൾ ബി11 :- ഗ്രാമപഞ്ചായത്ത് വക എല്ലാ ഭൂമിയും സ്ഥിര ആസ്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ ഇനത്തിൽ വളരെ ചെറിയ തുകയാണ്(246662) ആസ്തിയായി കാണിച്ചിരിക്കുന്നത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയറിലെ വിവരങ്ങളും കാലികമല്ല.

9. ഷെഡ്യൂൾ B-11:- Roads Cement Concrete ഇനത്തിൽ മുൻവർഷത്തെ തുക(21301843) തന്നെയാണ് കാണിച്ചിരിക്കുന്നത്. തൻവർഷം രണ്ട് കോടിയിലധികം രൂപയുടെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചുവെങ്കിലും ആയത് ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

10. ഷെഡ്യൂൾ B-15:- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

11. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂർ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

വാട്ടർ അതോറിറ്റി- 5697000

കെ.എസ്.ഇ.ബി- 3049946

12. ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

13. ഷെഡ്യൂൾ B11(a):-അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്റ്റുകൾക്ക് തൻവർഷം പാർട്ട് ബിൽ കൊടുത്ത തുക ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി അക്കൗണ്ട് ചെയ്തിട്ടില്ല.

14. വാടക ഇനത്തിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ

രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

15. മെയിന്റനൻസ് ഗ്രാന്റ്-റോഡിതര വിഭാഗത്തിൽ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത 39,789 രൂപ വാർഷിക കണക്കിൽ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടില്ല.

16. ഷെഡ്യൂൾ I 6:-വികസന ഫണ്ട്(എസ്.സി.പി.)ആകെ ചെലവ് അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല.

17. ഷെഡ്യൂൾ I 6:- എം.ജി.എൻ.ആർ.ജി.എസ് – ഓഡിറ്റിൽ ലഭ്യമാക്കിയ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 36920553 |
| വരവ് | 88670506 |
| ആകെ | 125591059 |
| ചെലവ് | 113871294 |
| നീക്കിയിരിപ്പ് | 11719765 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15928500 | 15928500 | 15255471 | 673029 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 4462029 | 4462029 | 3016609 | 1445420 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 987249 | 987249 | 526407 | 460842 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | | 5390000 | 5390000 | 4087779 | 1302221 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 12791149 | 12791149 | 7114466 | 5676683 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 18533000 | 18533000 | 18514597 | 18403 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3934000 | 3934000 | 2347625 | 1586375 |

| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ശുചിത്വ മിഷൻ | 1633360 | 11985121 | 13618481 | 1082821 | 2535660 |
| വിമുക്തി ഫണ്ട് | 30424 | - | 30424 | - | 30424 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 529231 | 44957531 | 45486762 | 45486762 | 0 |
| ഐ.സി.ഡി.എസ്. | 2518356 | 794513 | 3312869 | 2469351 | 843518 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രിക- അപാകതകൾ

എ) വിവിധ ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക, സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. ഇത് മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | സ്രോതസ്സിൽ കുറവ് ചെയ്ത തുക | | |
|---|---|---|---|
| | ഇനം | ആകെ വരവിൽ | ആകെ ചെലവിൽ |

| | | ഉൾപ്പെടാത്ത തുക | ഉൾപ്പെടാത്ത തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 980274 | ം |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1226400 | ം |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 43882 | 21941 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | വോട്ടിംഗ് മെഷീൻ ചെലവ് | 39789 | 39789 |

ബി) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിൽ സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല. ഇത് വാർഷിക കണക്ക് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ് വിനിയോഗ പത്രികയുടെ അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-5 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 238 | 136901179 | 193 | 77162281 | - | 45 | 81.09 |

2019-20 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് | 20-12-20 |
| വികസന സെമിനാർ | 7-2-20 |
| ഗ്രാമസഭ/ഊരുകൂട്ടം | 27-1-20മുതൽ<br>2-2-20വരെ |
| പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രത്യേക പഞ്ചായത്ത് കമ്മിറ്റി | 30-3-20 |

സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 9841550 | 9578200 |
| വെറ്ററിനറി സർജൻ | 9 | 7 | 6245100 | 2170561 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 2 | 2 | 78500 | 721599 |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 1 | 1 | 400000 | 400000 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 1 | 1 | 100000 | 100000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24 | 17 | 47735729 | 12410579 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 5 | 4 | 5614756 | 3929762 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 8077324 | 4057881 |
| സെക്രട്ടറി | 25 | 15 | 14540334 | 10097097 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 7 | 4 | 1235000 | 647380 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 146 | 125 | 41401386 | 32324222 |
| അസി.സെക്രട്ടറി | 4 | 3 | 925000 | 725000 |
| ആകെ | 238 | 193 | 136901179 | 77162281 |

വിഭാഗം

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്റ്റുകൾ | നടപ്പാക്കിയ പ്രോജക്റ്റുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 211 | 175 | 82.93 | 103332340 | 73241206 | 70.8 |
| പ്രത്യേക ഘടകപദ്ധതി | 18 | 12 | 66.67 | 14446099 | 3394668 | 23.5 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 9 | 6 | 66.67 | 19122740 | 526407 | 2.75 |
| ആകെ | 238 | 193 | 81.09 | 136901179 | 77162281 | 56.36 |

03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ചെലവഴിക്കാൻ അവശേഷിക്കുന്നു. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. ഭൂരിഭാഗം പ്രൊജക്റ്റുകളിലും രണ്ട് കരാറുകാർ പങ്കെടുക്കുകയും, ഒരാൾ എസ്റ്റിമേറ്റ് നിരക്കും, അടുത്തയാൾ കൂടിയനിരക്കും ക്വാട്ടുചെയ്യുകയും, എസ്റ്റിമേറ്റ് നിരക്ക ക്വാട്ടു ചെയ്തയാൾക്ക് ടെണ്ടർ ലഭിക്കുകയും ചെയ്യുന്നു. ടെണ്ടർ നടപടികളിൽ മത്സരം നടക്കുന്നില്ല. അഞ്ചു ലക്ഷത്തിനു മുകളിലുള്ള വർക്കുകൾക്ക് ഇ-ടെണ്ടർ നടപടികൾ നിർബന്ധമായിരിക്കെ മാന്വൽ ടെണ്ടർനടപടികളാണ് സ്വീകരിച്ചിരിക്കുന്നത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 529231 | 1490408 | 2019639 | 2019639 | 0 |
| ഗുണഭോക്താക്കൾക്ക് | | 43467123 | 43467123 | 43467123 | |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 529231 | 44957531 | 45486762 | 45486762 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 119 | 1522800 |
| 2 | വികലാംഗ പെൻഷൻ | 280 | 3711900 |
| 3 | വാർദ്ധക്യകാല പെൻഷൻ | 2346 | 26274300 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 33 | 375300 |
| 5 | വിധവാ പെൻഷൻ | 849 | 11115000 |
| 6 | തൊഴിൽരഹിത വേതനം | 2 | 2160 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-04-2022 തീയതിയിൽ 3.14 P.mന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32,238 (മുപ്പത്തി രണ്ടായിരത്തി ഇരുന്നൂറ്റി മുപ്പത്തിഎട്ട് രൂപ മാത്രം) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധന നടത്തുന്നില്ല. ആസ്തികൾ എല്ലാം തിട്ടപ്പെടുത്തുകയും പരിപാലനം കൃത്യമായി നടത്തുകയും ചെയ്യുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. ഗ്രാമപഞ്ചയായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടു പോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല.

ക്ഷേമപെൻഷനുകൾ അനുവദിക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. മരണമടഞ്ഞ നിരവധി ഗുണഭോക്താക്കളെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കാൻ സാധിച്ചിട്ടില്ല. മരണശേഷവും ഗുണഭോക്താവിന് പെൻഷൻ അനുവദിച്ച സംഭവവും ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മരണപ്പെട്ടവരെ യഥാസമയം പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനും, അനർഹർക്ക് പെൻഷൻ നൽകുന്നില്ലെന്ന ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| അവസാനം ഓഡിറ്റ് നടത്തിയ തീയതി | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2009 | 1997-98 മുതൽ 2008-09 വരെ | 11.06.2009 |
| പെർഫോമൻസ് ഓഡിറ്റ് | 08.09.2021 | 2/2020മുതൽ 3/2021 വരെ | 11.01.2022 |

## 1-11 തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്തി രാജ് നിയമം 204ാം - വകുപ്പ്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I. വെച്ചൂച്ചിറ പാലുല്പാദക സംഘത്തിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.

II. ചുവടെ ചേർത്തിട്ടുള്ള പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ചെയ്യുന്ന അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ഇവർ മറ്റേതെങ്കിലും ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1. ഫിലിപ്പ് എം.എ, പുളിക്കീഴിൽ വെച്ചൂച്ചിറ

2. ജോസ്. വി. സാലി, വലിയത്ത്, ചാത്തൻതറ.

3. ഷാജി പി.കെ. പ്ലാക്കുഴിയിൽ,വെച്ചൂച്ചിറ.

4. റോണി ജോസഫ്, മണിമലേത്ത്, വെച്ചൂചിറ.

5. സാബു ഫ്രാൻസിസ്, മണിയങ്ങാട്ട്, വെച്ചൂചിറ.

6. റെഞ്ചി ജോസഫ്, മണിമലേത്ത്, വെച്ചൂച്ചിറ.

7. പുരുഷോത്തമൻ നായർ, മാവുങ്കൽ, കുന്നം

8. ജോസഫ് ഫിലിപ്പ് പുളിക്കൽ, വെച്ചൂച്ചിറ.

9. തോമസ് ജോസഫ്, മണിമലേത്ത്, വെച്ചൂചിറ,

10. ജിബിൻ സെബാസ്റ്റ്യൻ, കുട്ടക്കം തടത്തിൽ, കൊല്ലമുള,

11. ഷാജി മോൻ ജോസഫ്, അറയ്ക്കൽ, ചാത്തൻ തറ.

## 1-12 ഗുണഭോക്തൃ വിഹിതം ഒടുക്കുവരുത്തിയതിലെ അപാകങ്ങൾ

കൃഷി ആഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകൾക്കായി ഗുണഭോക്തൃ വിഹിതം പിരിവ്, ഒടുക്ക് എന്നിവയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ വിഹിതമായി രസീതു പ്രകാരം പിരിച്ചെടുത്ത തുകയും കളക്ഷൻ രജിസ്റ്ററിൽ ചേർത്തിട്ടുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| രസീതു നമ്പർ | രസീതു പ്രകാരമുള്ള തുക | കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| 4/11202 | 900 | 300 | 600 |
| 47/11202 | 600 | 6000 | (+)5400 |

2. രസീതു ബുക്കിൽ തീയതി രേഖപ്പെടുത്തുന്നില്ല.

3. രസീത് എഴുതുന്നതിന് ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നില്ല

4. റദ്ദ് ചെയ്യുന്ന രസീതുകൾ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ: 3/20-21 തീയതി 08.04.2022) കൃഷി ആഫീസർ നൽകിയ മറുപടി തൃപ്തികരമല്ല. അടവിൽ കുറവ് വന്നിട്ടുള്ള 600 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

വരും വർഷങ്ങളിൽ പിരിവിനുള്ള രസീത് ബുക്കുകൾ അപാകതകളില്ലാതെ പരിപാലിക്കേണ്ടതാണ്. തുടർ ആഡിറ്റിൽ നിരീക്ഷിക്കുന്നതാണ്.

## 1-13 ലേലതുക പൂർണമായും ഈടാക്കിയില്ല.

ലേല രജിസ്റ്റർ, ലേല ഡയറി, വാടക രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും 2020-21 വർഷത്തിലേക്കുള്ള മാർക്കറ്റ് ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള ലേല അവകാശം 29-02-2020ലെ കമ്മറ്റി തീരുമാനം I (1) ന്റെ അടിസ്ഥാനത്തിൽ 2019-20 ൽ ലേല അവകാശം ലഭിച്ചിരുന്ന ശ്രീ. ബാബു, തടത്തിൽ, വെച്ചൂച്ചിറയ്ക്ക് 5% ഉയർന്ന നിരക്കിൽ 2020-21 വർഷത്തേക്ക് അനുവദിച്ച നൽകിയിട്ടുള്ളതാണ്. എന്നാൽ മാർക്കറ്റ് ഗേറ്റ് ഫീസിനത്തിൽ

ലേലതുകയായ 41976 രൂപ പൂർണമായും ഈടാക്കായിട്ടില്ല. നികുതി ഉൾപ്പെടെ 16,122 രൂപ ഈടാക്കുവാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക തുക പിഴപ്പലിശ ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

## 1-14 വാടകയിനത്തിൽ തുക ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ മാർക്കറ്റ് -സ്റ്റാൾ വാടക ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ വാടകയിനത്തിൽ 72501 രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. ഗ്രാമ പഞ്ചായത്തിൽ ആകെ 33 മാർക്കറ്റ് സ്റ്റാളുകളാണുള്ളത്. അതിൽ വാടക ഈടാക്കുവാൻ അവശേഷിക്കുന്ന സ്റ്റാളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൾ നമ്പർ | വാടകക്കാരന്റെ വിവരം | കുടിശ്ശിക തുക (നികുതി ഉൾപ്പെടെ) |
|---|---|---|---|
| 1 | 9 | പി.റ്റി.വർഗീസ്സ് പാട്ടശ്ശേരിൽ വെച്ചൂച്ചിറ | 1494 |
| 2 | 16 | അബ്ദുൾ അസീസ് പള്ളിത്തടത്തിൽ ചുങ്കപ്പാറ | 35802 |
| 3 | 25&26 | അബ്ദുൾ അസീസ് പള്ളിത്തടത്തിൽ ചുങ്കപ്പാറ . | 35205 |
| | | ആകെ | 72501 |

വാടക കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.കൂടാതെ വാർഷിക കണക്ക പ്രകാരവും വാടക രജിസ്റ്റർ പ്രകാരവുമുള്ള വാടക കുടിശ്ശിക തുകകളിലെ പൊരുത്തക്കേട് പരിഹരിക്കേണ്ടതുമാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു.

മൊബൈൽ ടവർ വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ ,അനുബന്ധ രജിസ്റ്റർ , ഫയൽ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മൂന്ന് മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കമ്പനിയുടെ പേര്. | വാർഡ്/ കെട്ടിടനം. | പ്ലിന്ത് ഏരിയ. | തൻ വർഷ കുടിശ്ശിക. |
|---|---|---|---|---|
| 1 | സബ്ഡിവിഷണൽ എൻജിനീയർ ബി.എസ്.എൻ.എൽ തിരുവല്ല. | 3/249 | 21.8sq.m. | 15696 |
| 2 | റിലയൻസ് ടെലിക്കോം എ.പി. ആർക്കേസ് കൊച്ചി | 4/463 | 51.07sq.m. | 33708 |
| 3 | റിലയൻസ് ടെലിക്കോം ഇൻഫ്രാ സ്ട്രക്ച്ചർ (P) ലിമിറ്റഡ് . 38/628A & P ആർക്കേഡ്. എസ്.എ റോഡ്. | 11/566 | 30.5sq.m. | 20131 |
| | | | ആകെ | 69535 |

മേൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ലായെന്ന് മുൻവർഷ ആഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതാണ്.മൊബൈൽ ടവറുകളുടെ ഈടാക്കാൻ അവശേഷിക്കുന്ന വസ്തുനികുതി ,കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 1-16 ലൈസൻസ്സ പിരിവ് - കാര്യക്ഷമമല്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് നൽകുന്ന ലൈസൻസ്സ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമ പഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതിനിർണയിച്ചിട്ടുള്ള 1048 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ 61 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.പഞ്ചായത്ത്പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ടേഡേഴ്സ് ലിസ്റ്റ് കാലികമല്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ്തിരിച്ച് തൻ വർഷ ടേഡേഴ്സ് ലിസ്റ്റ് പുതുക്കി ആയതു പ്രകാരം ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലെയും എല്ലാ സ്ഥാപങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.തുടർ നടപടി വിവരം ഓഡിററിൽ അറിയിക്കേണ്ടതാണ്.

## 1-17 അനുയോജ്യമല്ലാത്ത ഭൂമി അങ്കണവാടിക്കുവേണ്ടി വാങ്ങി

ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലെ അങ്കണവാടി നിർമ്മാണത്തിനായി 2006വർഷം സർവ്വേ നമ്പർ 779/1C-73-651 -ൽ പെട്ട 2ആർ 2ച.മീ. സ്ഥലം 65000 രൂപ ചെലവഴിച്ച് പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയിരുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത സ്ഥലത്ത് കെട്ടിടം പണി നടന്നിട്ടില്ല. അങ്കണവാടി നിർമ്മിക്കുവാൻ സ്ഥലം അനുയോജ്യമല്ലെന്ന് വിവരാവകാശ അപേക്ഷയ്ക്ക് ഗ്രാമപഞ്ചായത്ത് മറുപടി നല്കിയിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ലാത്ത സ്ഥലം അങ്കണവാടി നിർമ്മാണത്തിനുവേണ്ടി വാങ്ങിയതിലൂടെ വികസനപ്രവർത്തനങ്ങൾക്ക് ഉതകുമായിരുന്ന തുക പാഴ്ചെലവായി മാറിയിരിക്കുകയാണ്. പ്രസ്തുത സ്ഥലം മറ്റേതെങ്കിലും ആവശ്യത്തിന് ഉതകുമോ എന്ന് പരിശോധിക്കേണ്ടതും, പഞ്ചായത്തിന് പ്രയോജനപ്രദമായമായ രീതിയിൽ തുടർ പ്രവർത്തനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-18 മരണപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്ഷേമപെൻഷൻ കൈമാറി - പൊതു ഖജനാവിന് നഷ്ടമായത് ലക്ഷങ്ങൾ

സാമൂഹ്യക്ഷേമ പെൻഷൻ ഡാറ്റാബേസിലെ വിവരങ്ങളും പഞ്ചായത്തിലെ മരണ രജിസ്റ്ററിലെ വിവരങ്ങളും താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷവും അവരുടെ പേരിലുള്ള അക്കൗണ്ടിലേക്ക് പെൻഷൻ തുക ക്രഡിറ്റ് ചെയ്തുവരുന്നതായി കണ്ടെത്തി. മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കാത്തതിനാലാണ് അപാകത സംഭവിച്ചത്. ഓഡിറ്റ് സമയത്തും ഈ പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്തിട്ടില്ല. മരണപ്പെട്ടതിനുശേഷവും പെൻഷൻ അനുവദിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | അവകാശികൾ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക | |
|---|---|---|---|---|---|---|
| | | | | | കാലയളവ് | തുക |
| 1 | ഏലിയാമ്മ വർഗ്ഗീസ് | 104050201417 | വാർദ്ധക്യകാല പെൻഷൻ | 18/01/2020 | 2/20-4/22 | 41800 |
| 2 | ലക്ഷ്മി | 104050600596 | വിധവ പെൻഷൻ | 09/06/2020 | 7/20-4/222 | 33500 |
| 3 | കാർത്യായനി | 104050600015 | വിധവ പെൻഷൻ | 08/07/2020 | 8/20-4/22 | 32200 |
| 4 | തോമസ് | 104050200941 | വാർദ്ധക്യകാല പെൻഷൻ | 02/07/2020 | 8/20-4/22 | 32200 |
| 5 | പെണ്ണമ്മ കുരുവിള | 104050400138 | ഡിസബിലിറ്റി പെൻഷൻ | 14/08/2020 | 9/20-4/22 | 30900 |
| 6 | റോസമ്മ മത്തായി | 104050200287 | വാർദ്ധക്യകാല പെൻഷൻ | 18/08/2020 | 9/20-4/22 | 30900 |

| | | | | | | |
|---|---|---|---|---|---|---|
| 7 | ജോസഫ് വർക്കി | 104050200085 | വാർദ്ധക്യകാല പെൻഷൻ | 05/08/2020 | 9/20-4/22 | 30900 |
| 8 | ശശിധരൻ പി.എസ്. | 104050201535 | വാർദ്ധക്യകാല പെൻഷൻ | 29/08/2020 | 9/20-4/22 | 30900 |
| 9 | അമ്മിണി പറക്കാവിൽ | 104050202088 | വാർദ്ധക്യകാല പെൻഷൻ | 01/10/2020 | 11/20-4/22 | 28100 |
| 10 | ഗൗരിയമ്മ | 104050201414 | വാർദ്ധക്യകാല പെൻഷൻ | 07/10/2020 | 11/20-4/22 | 28100 |
| 11 | ജോൺ | 104050201480 | വാർദ്ധക്യകാല പെൻഷൻ | 16/10/2020 | 11/20-4/22 | 28100 |
